പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2441 **27-10-2026-ൽ മറുപടിയ്ക്ക്**

തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിച്ച അപേക്ഷകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും വീട്/കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയിൽ തീർപ്പാക്കാൻ ശേഷിക്കുന്നത്; അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: കല്ല്യാശ്ശേരി മണ്ഡലപരിധിയിൽ ഉൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച 60 അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്.കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി അവസാനിച്ചതിനാൽ പുതിയ അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതോറിറ്റി പുനഃസംഘടിപ്പിച്ചാലുടൻതന്നെ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ